**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **01-09-2022 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം, കായിക മേഖല, കുടിവെള്ള വിതരണം, വനിതാ ശാക്തീകരണം, കരകൗശല വിഭാഗങ്ങളുടെ ഉന്നമനം എന്നീ മേഖലകളിൽ ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ https://minorityaffairs.gov.in/pradhan-mantri-jan-vikas-karyakram-pmjvk എന്ന വെബ് സൈറ്റിൽ കാണാവുന്നതാണ്. |
| (സി) | സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം പ്രകാരം 15 കിലോ മീറ്റർ ചുറ്റളവിൽ 25%- ൽ കുറയാത്ത ന്യൂനപക്ഷ വിഭാഗങ്ങൾ അധിവസിക്കുന്ന മുഴുവൻ മേഖലയും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായി നിർവ്വചിക്കാവുന്നതാണ്. ഈ മാനദണ്ഡ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായി പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) സി.എ./സി.എം.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
2) സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന നൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം
3) പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്
4) സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി
5) നേഴ്സിംങ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി- മദർതെരേസസ്കോളർഷിപ്പ്
6) സർക്കാർ/എയ്ഡഡ് പോളി ടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകൾക്ക് നൽകുന്ന ഡോ.എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്
7) ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് നൽകുന്ന സി.എച്ച് മുഹമ്മദ് കോയ സോക്ളർഷിപ്പ്
8) ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു ക്യാഷ് അവാർഡ്
9) യു.ജി.സി/സി.എസ്.ഐ.ആർ./നെറ്റ് കോച്ചിംഗ്
10) പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി സ്കോളർഷിപ്പ്
11) എൻ.റ്റി.എസ്.ഇ കോച്ചിംഗ്
12) വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
13) വിധവ/വിവാഹബന്ധംവേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി/പുനരുദ്ധാരണ പദ്ധതി
14) ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
15) നൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
16) നൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹ പൂർവ്വ കൗൺസലിംഗ്
17) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം.
18) നൂനപക്ഷ യുവജനതയ്ക്കായുള്ള പി.എസ്.സി/യു.പി.എസ്.സി, ബാങ്കിംഗ് എന്നീ മത്സര പരീക്ഷ പരിശീലനത്തിനുള്ള പരിശീലന കേന്ദ്രങ്ങൾ (സി.സി.എം.വൈ കൾ)

**സെക്ഷൻ ഓഫീസർ**